ഭരണഭാഷ-മാതൃഭാഷ

നമ്പർ.400269/GGGR12/GPO/2024/4842/(1)

തിരുപുറം ഗ്രാമ പഞ്ചായത്ത് ആഫീസ്
തിരുപുറം
തിരുപുറം.പി.ഓ
തിരുവനന്തപുരം
Phone No:04712260738
E-mail:thirupuramgp@gmail.com

തീയതി : 17/12/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹുമാനപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടര്
തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം.

സർ.

വിഷയം:- പരാതി പരിഹാരം.മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ

സൂചന:- അങ്ങയുടെ 08/10/2024 ലെ LSGD/PD/27273/2024-REV6 നമ്പർ കത്ത്.

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തിരുപുറം ഗ്രാമപഞ്ചായത്തിൻെറ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള പത്തനാവിള വാർഡിലെ പരണിയം ഗവ.എൽ.പി.എസ് സ്കൂളിൻെറ ഭാഗമായിട്ടുള്ളതും. പഞ്ചായത്ത് ആരംഭിച്ച കാലം മുതൽ തന്നെ പ്രസ്തുത സ്ഥലം പഞ്ചായത്തിൻെറ ഉടമസ്ഥതയിലായിരുന്നതും റവന്യൂ രേഖകൾ പ്രകാരം ബ്ലോക്ക് നമ്പർ. 20-ൽ 335/6-ൽ ഉൾപ്പെട്ട 95.8 ആർ സ്ഥലം ഗവ. സ്കൂൾ പരണിയം എന്ന പേരിൽ ഉൾപ്പെട്ടതാണ്. പ്രസ്തുത സ്ഥലത്ത് തന്നെയാണ് എൽ.പി സ്കൂളും അനുബന്ധ കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിൻെറ നിയന്ത്രണത്തിലുള്ള ബ്ലോക്ക് നമ്പർ. 20-ൽ 235/6-ൽ ഉൾപ്പെട്ട 95.8 ആർ വിസ്തൃതിയുള്ള സ്ഥലത്ത് സ്ഥിതിചെയ്യുന്ന പ്രസ്തുത സ്കൂളിൻറെയും അനുബന്ധ സ്റ്റേഡിയത്തിൻറെയും കാലാകാലങ്ങളിലുള്ള പരിപാലനം ഗ്രാമപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടത്തി വന്നിട്ടുള്ളതും പ്രസ്തുത സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സ്റ്റേഡിയം 2017-18 സാമ്പത്തിക വർഷം ബഹു. തിരുവനന്തപുരം എം പി ഡോ. ശശിതരൂർ അവർകളുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പരണിയം എൽ.പി.എസ്-ന് മിനി സ്റ്റേഡിയം നിർമ്മാണം എന്ന പേരിൽ 15 ലക്ഷം രൂപ അടങ്കലിൽ എം.പി ഫണ്ട് അനുവദിച്ചിട്ടുള്ളതും ആയത് പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നിർവ്വഹണത്തിൽ 25/11/2019 തീയതിയിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പ്രവർത്തിയുടെ ഭാഗമായിട്ടാണ് നിലവിലെ രീതിയിൽ അടച്ചുറപ്പുള്ള

സ്റ്റേഡിയമായി മാറിയിട്ടുള്ളത്. ടി സ്റ്റേഡിയത്തിൻറെ ഉടമസ്ഥാവകാശം നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/06/2023 തിയതിയിൽ A1/1527/2023 നമ്പർ ഉത്തരവ് പ്രകാരം പരണിയം ഗവ. ഹയർ സെക്കൻററി സ്കൂളിൻറെ പ്രിൻസിപ്പാളിൻറെ പേരിൽ ഉടമസ്ഥാവകാശം മാറ്റിയിട്ടുള്ളതാണ്. കൂടാതെ ബഹു.കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻറെ 26/06/2024 തിയതിയിലെ സി ആർഎംപി നമ്പർ.00609/01/2024/KeSCPCR നമ്പര് ഉത്തരവ് പ്രകാരം ടി സ്റ്റേഡിയത്തിൻറെ പൂർണമായ അധികാരം ഹയർ സെക്കൻററി സ്കൂളിനാണെന്ന് ഉത്തരവായിട്ടുണ്ട്. തിരുപുറം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 03/07/2024 ലെ 13(1) നമ്പർ തീരുമാന പ്രകാരം ബഹു.കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻറെ 26/06/2024 തിയതിയിലെ സി ആർഎംപി നമ്പർ.00609/01/2024/KeSCPCR നമ്പര് ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ് എന്ന വിവരം സമർപ്പിക്കുന്നു. ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ഇതൊന്നിച്ച് ഉള്ളടക്കം ചെയ്ത് കൊള്ളുന്നു.

വിശ്വസ്തതയോടെ,

SECRETARY
THIRUPURAM GRAMA PANCHAYATH
THIRUPURAM P.O.
PIN : 695133, KERALA (STATE)